പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 512 **13-10-2026-ൽ മറുപടിയ്ക്ക്**

സംസ്ഥാനത്ത് ആരംഭിച്ച വ്യവസായ സംരംഭങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) 2021 മുതൽ സംസ്ഥാനത്ത് ആരംഭിച്ച വ്യവസായ സംരംഭങ്ങൾ എത്രയെന്നും ഇക്കാലയളവിൽ ലഭിച്ച ആകെ വ്യവസായ നിക്ഷേപമെത്രയെന്നും വിശദമാക്കുമോ;

മറുപടി: 2021 ഏപ്രിൽ 1 മുതൽ 2026 ഒക്ടോബർ 08 വരെ സംസ്ഥാനത്ത് 4,75,392 MSME സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 33,236.36 കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്.

Financial Year	MSMEs Started (Numbers)	Investment (Rs in Crores)
2021-22	15285	1531.93
2022-23	139839	8421.62
2023-24	103596	7048.65
2024-25	110020	7250.84
2025-26	71741	6065.16
2026-27*	34911	2918.16
TOTAL	475392	33236.36

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായ സംരംഭങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

മറുപടി: സംസ്ഥാനത്തിന്റെ വ്യവസായ-നിക്ഷേപ മേഖലകളിൽ വൻമാറ്റങ്ങൾ ലക്ഷ്യമിട്ടുള്ള നിരവധി പദ്ധതികളും സംരംഭങ്ങളുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. അടിസ്ഥാന സൗകര്യ വികസനം, നൂതന സാങ്കേതിക വിദ്യ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകൽ എന്നിവയ്ക്കാണ് പുതിയ സർക്കാർ മുൻഗണന നൽകുന്നത്.

(സി) സംസ്ഥാന സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങൾ എല്ലാം ലാഭത്തിലാണോയെന്നും അല്ലാത്തവ ലാഭത്തിലാക്കാൻ എന്തെല്ലാം നൂതന പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

മറുപടി: വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സംരംഭങ്ങളായി കണക്കാക്കുകയാണെങ്കിൽ എല്ലാ സംരംഭങ്ങളും ലാഭത്തിലല്ല. എന്നാൽ വൈവിധ്യവൽക്കരണം ദീർഘവീക്ഷണത്തോടെയുള്ള മാസ്റ്റർ പ്ലാനുകൾ,വാല്യൂ ആഡഡ് പ്രോഡക്ടുകളുടെ ഉൽപാദനം, ആധുനികവൽക്കരണം, പ്രവർത്തനമൂലധനത്തിന്റെ വിതരണം ജോയിന്റ് വെൻച്വറുകൾ എന്നിവയിലൂടെ വ്യവസായ വകുപ്പിനു കീഴിലുള്ള എല്ലാ പൊതുമേഖലാ

സ്ഥാപനങ്ങളെയും ലാഭത്തിലാക്കുവാൻ സർക്കാർ ശ്രമിക്കുന്നു.

(ഡി) കേരളത്തിൽ രജിസ്റ്റർ ചെയ്ത എം.എസ്.എം.ഇ. സ്ഥാപനങ്ങളുടെ എണ്ണം സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ;

മറുപടി: 2011 ഏപ്രിൽ 1 മുതൽ 2026 ഒക്ടോബർ 08 വരെ കേരളത്തിൽ 6,18,664 എം.എസ്.എം.ഇ.യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.2011 ഏപ്രിൽ 1 മുതൽ 2026 ഒക്ടോബർ 08 വരെ കേരളത്തിൽ 6,18,664 എം.എസ്.എം.ഇ. യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

Financial Year	MSMEs Started (Numbers)
2011-12	13250
2012-13	13041
2013-14	14996
2014-15	16429
2015-16	15492
2016-17	15535
2017-18	15468
2018-19	13826
2019-20	13695
2020-21	11540
2021-22	15285
2022-23	139839
2023-24	103596
2024-25	110020
2025-26	71741
2026-27*	34911
Total	**618664**

* Data for 2026-27 are up to 08-10-2026

(ഇ) യുവാക്കൾക്ക് കൂടുതൽ തൊഴിൽ ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പ് വിഭാവനം ചെയ്യുന്ന പ്രത്യേക പദ്ധതികൾ ഏതൊക്കെയാണ് വിശദമാക്കാമോ?

മറുപടി: കേരളത്തിലെ യുവജനങ്ങളിൽ സംരംഭകത്വം പ്രോത്സാഹിപ്പിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനും സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിനുമായി 5 ലക്ഷം രൂപ പലിശരഹിത ടേം ലോൺ/കോമ്പോസിറ്റ് ലോൺ ലഭ്യമാക്കുന്നതിനുള്ള "യുവ സംരംഭകത്വ പദ്ധതി (Youth Entrepreneurship Scheme – YES)" നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ